**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3137** **26-06-2024 - ൽ മറുപടിയ്ക്ക്**

**ഡ്രെയിനേജ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽപ്പെട്ട പരപ്പനങ്ങാടി നഗരസഭയിലെ ഒട്ടുമ്മൽ ഡ്രെയിനേജ്, തിരൂർ കടലുണ്ടി റോഡിൽ പൂരപ്പുഴ ചിറമംഗലം ഡ്രെയിനേജ്, ചെട്ടിപ്പടി കുപ്പിവളവ് ഡ്രെയിനേജ്, വെന്നിയൂർ താനൂർ റോഡിൽ കൊടക്കല്ല് ഡ്രെയിനേജ്, തൂക്കുളം തെയ്യാല റോഡിൽ കൊടിഞ്ഞി സെൻട്രൽ ബസാർ ഡ്രെയിനേജ് എന്നീ പ്രവൃത്തികൾക്ക് നിർമ്മാണ അനുമതി നൽകുന്നതിന്റെ നടപടികൾ എന്തെല്ലാമായി എന്ന് വിശദമാക്കാമോ; | (എ) | 1. തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽപ്പെട്ട അഞ്ചപ്പുരചാപ്പപ്പടി റോഡിലെ - ഒട്ടുമ്മൽ - കി.മീ 0/600 മുതൽ 0/900 വരെ തകർന്ന ഡ്രൈനേജ് പുനർനിർമ്മിക്കുന്നതിനും, റോഡിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനുമായി ഡ്രെയിനേജ് നിർമ്മാണത്തിനായി 21 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.<br>2. ചേളാരി- പരപ്പനങ്ങാടി റോഡിൽ കി-മീ 4/800 നും 5/000 നും ഇടയിൽ കുപ്പിവളവ് ഭാഗത്ത് പുതുതായി ഡ്രെയിനേജ് നിർമ്മിക്കുന്നതിന് 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.<br>3. തൂക്കുളം - തെയ്യാല റോഡിൽ കി.മീ 3/800നും 4/000 നും ഇടയിൽ കൊടിഞ്ഞി സെൻട്രൽ ബസാർ ഭാഗത്ത് ഡ്രൈനേജ് നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു. തിരൂരങ്ങാടി എം.എൽ.എ പൊതുമരാമത്ത് വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനത്തെ തുടർന്ന് സ്ഥല പരിശോധന നടത്തിയെങ്കിലും ഡ്രൈനേജ് നിർമ്മിക്കാൻ ആവശ്യമായ ഔട്ട് ലെറ്റ് ലഭ്യമല്ലാത്തതിനാൽ ഈ ഭാഗത്തെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി ഇന്റർലോക്ക് ചെയ്യുന്നതിനായി 14.6 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.<br>4. വെന്നിയൂർപറമ്പ് - താനൂർ റോഡിൽ കിമീ 1/900 നും 2/200നും ഇടയിൽ കൊടക്കല്ല് ഭാഗത്ത് പുതുതായി ഡ്രെയിനേജ് നിർമ്മിക്കുന്നതിന് 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിട്ടുണ്ട്.<br>5. തിരൂർ - കടലുണ്ടി റോഡിൽ കി.മീ. 14/700-15/000 ചിറമംഗലം-പൂരപ്പുഴ റോഡ് |

| | | | |
|---|---|---|---|
| | | | ജംഗ്ഷനിൽ വെള്ളക്കെട്ട്. പരിഹരിക്കുന്നതിനായി 24.7 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധനയിലാണ്. |
| (ബി) | ഒട്ടുമ്മൽ ഡ്രെയിനേജ് തകർന്നതിനാൽ റോഡ് വശത്തുള്ള പ്രദേശത്തെ പള്ളിയിൽ വിശ്വാസികൾക്ക് പ്രവേശിക്കുന്നതിന് പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഒട്ടുമ്മൽ ഡ്രെയിനേജ് തകർന്ന വിഷയം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ശക്തമായ മഴ പെയ്യുന്ന സാഹചര്യങ്ങളിൽ പള്ളിയുടെ മുൻവശത്ത് രൂപപ്പെടുന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി 21 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പ്രവൃത്തിക്ക് ഭരണാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഒട്ടുമ്മൽ ഡ്രെയിനേജിനും പുരപ്പുഴ ഡ്രെയിനേജിനും നിർമ്മാണ അനുമതി ലഭ്യമാക്കാത്തതിനാലുള്ള നാട്ടുകാരുടെ പ്രതിഷേധം ശ്രദ്ധയിൽവന്നിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഒട്ടുമ്മൽ ഡ്രെയിനേജ് തകർന്ന വിഷയം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ശക്തമായ മഴ പെയ്യുന്ന സാഹചര്യങ്ങളിൽ പള്ളിയുടെ മുൻവശത്ത് രൂപപ്പെടുന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി 21 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പ്രവൃത്തിക്ക് ഭരണാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | ഒട്ടുമൽ ഡ്രെയിനേജിനും ചിറമംഗലം ഡ്രെയിനേജിനും നിർമ്മാണ അനുമതി ലഭ്യമാക്കുമോ; വിശദമാക്കാമോ? | (ഡി) | ഒട്ടുമ്മൽ ഡ്രെയിനേജ് തകർന്ന വിഷയം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ശക്തമായ മഴ പെയ്യുന്ന സാഹചര്യങ്ങളിൽ പള്ളിയുടെ മുൻവശത്ത് രൂപപ്പെടുന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി 21 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പ്രവൃത്തിക്ക് ഭരണാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ